**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3844** | **06-08-2021 - ൽ മറുപടിയ്ക്ക്**

**വന്യമൃഗ ആക്രമണവും കൃഷിനാശവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മനുഷ്യ വാസ കേന്ദ്രങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണവും കൃഷിനാശവും തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു. വന്യമൃഗങ്ങളുടെ നാട്ടിലേയ്ക്കുള്ള പ്രവേശനം തടയുന്നതിനായി വനാതിർത്തികളിൽ സൗരോർജ്ജ വേലി, ആന പ്രതിരോധ മതിലുകൾ, കിടങ്ങുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ്, ജൈവവേലി എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി റാപ്പിഡ് റെസ്പോൺസ് ടീമുകളെ അടിസ്ഥാനമാക്കി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധപ്രദേശങ്ങളിൽ 13 സ്ഥിരം / താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ച് വരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവെച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശിയരും |

| | | | |
|---|---|---|---|
| | | | ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനകീയ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പ് വരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാട്ടുപന്നികൾ ജനവാസമേഖലയിലും, കൃഷിയിടങ്ങളിലും നാശം വരുത്തുകയും മനുഷ്യർക്ക് പരിക്ക്, ജീവഹാനി എന്നിവ ഉണ്ടാകുന്ന സാഹചര്യത്തിൽ അവയെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് 18.05.2020-ലെ സ.ഉ. 111/2020/വനം, 11.01.2021 ലെ സ.ഉ. (സാധാ) നം. 5/2021/വനം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. സ.ഉ. (സാധാ) നം. 159/2021/വനം തീയതി 29.05.2021 പ്രകാരം മേൽ ഉത്തരവുകളുടെ കാലാവധി 17.05.2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം ജീവഹാനി, പരിക്ക്, സ്വത്ത്നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് 05.04.2018-ലെ സ.ഉ.നം. (കൈ) 17/2018/വനം എന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം വനം വകുപ്പ് നൽകി വരുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെൻറുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിന് പുറത്തേക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനായി സംസ്ഥാന തലത്തിൽത്തന്നെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കുന്നുണ്ട്. |
| (ബി) | വന്യമൃഗങ്ങളുടെ ആക്രമണം നേരിടേണ്ടി വന്നവർക്ക് നഷ്ടപരിഹാരംനൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ? | (ബി) | 05.04.2018-ലെ സ.ഉ.(കൈ)നം. 17/2018/വനം ഉത്തരവ് പ്രകാരം വന്യജീവി ആക്രമണം മൂലം മരണം, പരിക്ക്, അംഗവൈകല്യം എന്നിവയ്ക്ക് നഷ്ടപരിഹാരം |

| | | | |
|---|---|---|---|
| | | | നൽകി വരുന്നുണ്ട്. വന്യജീവി ആക്രമണം മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്ത് വച്ച് പാമ്പുകടിയേറ്റുള്ള മരണത്തിന് 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിച്ച് വരുന്നു. വന്യജീവി ആക്രമണത്തിൽ പരിക്കേറ്റ് സ്ഥായിയായ അംഗഭംഗം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് സർക്കാർ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 1 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. പട്ടിക വർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാതുക മുഴുവനായും നൽകി വരുന്നുണ്ട്. മരണമടയുന്ന വ്യക്തികളുടെ ആശ്രിതർ ഒരു വർഷത്തിനകവും പരിക്കേൽക്കുന്നവരും അംഗഭംഗം സംഭവിക്കുന്നവരും 6 മാസത്തിനകവും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകേണ്ടതാണ്. വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. കൃഷി നാശത്തിൻറെ 100% (പരമാവധി 1 ലക്ഷം രൂപ) നഷ്ടപരിഹാരമായി നൽകുന്നതാണ്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണ മാത്രമേ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നുള്ളൂ. കൃഷി നാശം സംബന്ധിച്ച അപേക്ഷ 6 മാസത്തിനകം അപേക്ഷകൻ സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ